01/01/22

17/12/2024

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.246(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.2050/എസ്.ഐ.സി-ജി 5/2021)

**സന്നിഹിതൻ**

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. രാജു കെ.വി.,
കോട്ടയിൽ ഹൗസ്,
ആറാട്ടുതറ പി.ഒ.,
മാനന്തവാടി -670 645 — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, വയനാട്
2. അപ്പീൽ അധികാരി & വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, വയനാട്, കൽപ്പറ്റ

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 30.01.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.02.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.02.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 12.03.2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 01.02.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 05.02.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.03.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.07.2021 |
| ഹിയറിംഗ് തീയതി | 07.12.2021 |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. രാജു കെ.വി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടി അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാൻ കമ്മീഷൻ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 30.01.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, മാനന്തവാടി ഉപജില്ലാ കലോത്സവത്തിൽ പങ്കെടുക്കാൻ അർഹതയുള്ള ഹർജിക്കാരന്റെ മകൻ ജെൻസെൻ കെ. രാജുവിനെ പങ്കെടുപ്പിക്കാതിരുന്നത് സംബന്ധിച്ച് 06.11.2019 ൽ എതിർകക്ഷി ഓഫീസിൽ നൽകിയ പരാതിയെ സംബന്ധിച്ച 4 ക്രമനമ്പരുകളിലായുള്ള വിവരങ്ങളാണ്. ആയതിന് ഒന്നാം എതിർകക്ഷി 14.02.2020 ൽ മറുപടി നൽകിയിട്ടുണ്ടെങ്കിലും പൂർണ്ണമായി വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. ആയതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി 20.03.2020 ന് ഹിയറിംഗ് നടത്തുന്നതിനായി ഹർജികക്ഷിക്ക് 12.03.2020 തീയതി കത്ത് നൽകിയതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 07.07.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന് ഹിയറിംഗിൽ പങ്കെടുക്കാൻ നോട്ടീസ് നൽകിയെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുത്തിരുന്നില്ലെന്നും ആയതിനാൽ അപ്പീൽ തീർപ്പാക്കി ഉത്തരവാക്കിയെന്നും ടി അപ്പീലിൽ ടിയാന്

RIGHT TO INFORMATION

കൃത്യമായി വിവരം ലഭ്യമാക്കാൻ നിർദ്ദേശിച്ചതനുസരിച്ച് 29.04.2021 ൽ എസ്.പി.ഐ.ഒ. വിവരങ്ങൾ ടിയാനെ അറിയിച്ചുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുണ്ടെങ്കിലും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയതായി കാണുന്നില്ല. ടിയാന്റെ ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി സമയബന്ധിതമായി അപ്പീൽ തീർപ്പാക്കിയിരുന്നുവെങ്കിലും ആയതിന്മേലും ടിയാന് വിവരങ്ങൾ ശരിയായ രീതിയിൽ ലഭ്യമായതായി കാണുന്നില്ല. ഹിയറിംഗിൽ പങ്കെടുത്ത എസ്.പി.ഐ.ഒ. മൊഴി നൽകിയത്, റവന്യൂ ജില്ലാ ശാസ്ത്രമേള, റവന്യൂ ജില്ലാ കായികമേള, റവന്യൂജില്ലാ കലോത്സവം എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട തിരക്ക് കാരണം റവന്യൂ ജില്ലാ കലോത്സവം കഴിഞ്ഞ് ഓഫീസിൽ ഹാജരായ തീയതിയാണ് ഹർജികക്ഷിയുടെ പരാതി ലഭ്യമായതെന്നും സ്കൂൾ കലോത്സവ നടത്തിപ്പിൽ സംഭവിച്ച പിഴവ്മൂലം കുട്ടിക്ക് അവസരം നഷ്ടപ്പെട്ടതിൽ സമയബന്ധിതമായി നടപടി എടുക്കേണ്ടത് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയതിനാലും റവന്യൂ ജില്ലാ കലോത്സവം പൂർത്തിയായതിനാലും നടപടി എടുക്കാൻ സാധിക്കാത്തതിനാലാണ് ടി വിഷയത്തിൽ മറുപടി നൽകാൻ കഴിയാതിരുന്നതെന്നുമാണ്. ഹിയറിംഗിൽ നിർദ്ദേശിച്ചതനുസരിച്ച് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷ സംബന്ധിച്ച് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അന്വേഷണം നടത്തിയിരുന്നുവെന്നും ഉപജില്ലാതല മത്സരം നടക്കുന്ന കാലയളവില മാനന്തവാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീമതി. ഉഷാദേവി എൻ.കെ (ജില്ലാ വിദ്യാഭ്യാസ ഓഫീസർ (റിട്ട) മുമ്പാകെ പരാതി അറിയിച്ചിരുന്നുവെന്നും എന്നാൽ ഉപജില്ലാ തലത്തിൽ സമയബന്ധിതമായി കുട്ടിക്ക് മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള അവസരം ലഭ്യമാക്കാൻ കഴിഞ്ഞിരുന്നില്ലെന്നും ആയതിനാലാണ് കുട്ടിയ്ക്ക് മത്സരത്തിൽ പങ്കെടുക്കാനുള്ള അവസരം നഷ്ടപ്പെട്ടതെന്നുമാണ്. കമ്മീഷനിൽ പരാതി നൽകി കമ്മീഷൻ വിശദീകരണം ചോദിച്ച ശേഷമാണ് മറുപടി

നൽകിയതെന്നാണ് അപ്പീൽ ഹർജിക്കാരൻ മൊഴിയിൽ പറഞ്ഞു കാണുന്നത്. ആയത് തികച്ചും തെറ്റായ നടപടിയാണ്. എത്രകണ്ടു തിരക്കാണെങ്കിലും സമയബന്ധിതമായി വിവരാവകാശ അപേക്ഷകന് മറുപടി ലഭ്യമാക്കേണ്ടിയിരുന്നു. സ്കൂൾതലത്തിലെ മത്സരത്തിലെ പാകപ്പിഴയെ സംബന്ധിച്ച് അപ്പോൾതന്നെ ഇടപ്പെട്ടിരുന്നുവെങ്കിൽ ഒരുപക്ഷേ പ്രസ്തുത മത്സരാർത്ഥിക്ക് മുകളിലേക്ക് അവസരം ലഭിക്കുമായിരുന്നു. ആയത് നീതി നിഷേധിക്കലിനു സമമായേ കാണാൻ കഴിയൂ. കോവിഡ് 19 ന്റെ ബാഹുല്യവും കലോത്സവങ്ങുടെ തിരക്കും എന്നുള്ളത് ഒന്നുംതന്നെ ഈ നീതി നിഷേധത്തിന് പരിഹാരമല്ല എന്ന് കമ്മീഷൻ ബന്ധപ്പെട്ട അധികാരികളെ ഓർമ്മിപ്പിക്കുന്നു. ദൈനംദിന ജോലിയോടൊപ്പം തന്നെയാണ് വിവരാവകാശ അപേക്ഷകൾ എസ്.പി.ഐ.ഒ. മാർ കൈകാര്യം ചെയ്യേണ്ടത്. മേലിൽ ഇപ്രകാരം വീഴ്ച പറ്റാൻ പാടില്ല എന്ന് ബന്ധപ്പെട്ട അധികാരികളെ ഓർപ്പിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp